# ചെക്ക്പോസ്റ്റുകളിലെ പൊതുസൗകര്യങ്ങൾ

**ചെക്ക്പോസ്റ്റുകളുടെ** കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ മിനിമം സൗകര്യങ്ങൾ ഇല്ല എന്ന വസ്തുത ഇന്നു സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഗതാഗതക്കുരുക്കുകളുടെ ഒരു പ്രധാനപ്പെട്ട കാരണം റോഡിന് വേണ്ടത്ര വീതിയില്ലാത്തതും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിന് റോഡ് സൈഡ് ബലപ്പെടുത്തിയിട്ടില്ല എന്നതുമാണ്. മിക്കവാറും ചെക്ക്പോസ്റ്റുകളിലും റോഡിൽതന്നെ വാഹനങ്ങൾ നിർത്തി പരിശോധിക്കുവാനേ നിർവ്വാഹമുള്ളൂ. സ്വന്തമായി യാർഡുള്ള വാളയാറിൽപോലും തടഞ്ഞുനിർത്തുന്ന വാഹനങ്ങൾക്ക് പാർക്കു ചെയ്യാനുള്ള സ്ഥലസൗകര്യമില്ല. വാഹനങ്ങൾ യാർഡിലേക്ക് കയറിയിറങ്ങിപ്പോകുന്നത് ഗതാഗത ഒഴുക്കിന് തടസ്സം സൃഷ്ടിക്കാവുന്ന രീതിയിലാണ്. തുടർച്ചയും സുരക്ഷിതവുമായ വൈദ്യുതിയുടെ അഭാവം രാത്രിയിൽ ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടവരുത്തുന്നു. ജീവനക്കാർക്കുവേണ്ടുന്ന താമസം, ക്യാന്റീൻ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലെന്നു പറയാം. ദീർഘയാത്രക്കാരായ ലോറി ഡ്രൈവർമാർക്ക് വിശ്രമത്തിനോ പ്രാഥമിക കൃത്യ നിർവ്വഹണത്തിനോ സൗകര്യങ്ങളില്ല.

രണ്ട് നിയമസഭാ സാമ്പത്തിക കാര്യ സബ്ജക്ട് കമ്മിറ്റികൾ ഈ പ്രശ്നങ്ങൾ സവിസ്തരം പ്രതിപാദിക്കുകയും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയുമുണ്ടായി. ഈ നിർദ്ദേശങ്ങളിൽ ചിലതൊക്കെ നടപ്പായിട്ടുണ്ട്. പക്ഷേ, നടപ്പാക്കുന്നതിൽ വന്ന കാലതാമസവും ഒറ്റപ്പെട്ട സ്വഭാവവും മൂലം ഇവയൊന്നും അനുഭവവേദ്യമാക്കി മാറ്റാൻ കഴിഞ്ഞിട്ടില്ല. ഇന്നേവരെ ഒരു പാക്കേജ് എന്ന രീതിയിൽ ഒരു നവീകരണ പദ്ധതി നടപ്പാക്കാൻ തയ്യാറായിട്ടില്ല. ഒരു കാര്യം ചെയ്യുമ്പോഴേക്ക് മുമ്പ് ചെയ്ത മറ്റൊന്ന് നശിച്ചിരിക്കും ആസ്തികളുടെ പരിപാലനത്തിന്റെയും അറ്റകുറ്റപ്പണികളുടെ അഭാവത്തിന്റെയും തിരുശേഷിപ്പുകളാണ് ഇന്ന് ചെക്ക്പോസ്റ്റുകളോരോന്നും.

ഈ പശ്ചാത്തലത്തിലാണ് ഒരൊറ്റ പാക്കേജായി നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പരിപാടി തയ്യാറാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പുതിയ കെട്ടിടങ്ങളും മറ്റും എടുക്കുന്നത് പൂർത്തിയാക്കിക്കഴിഞ്ഞു. നിലവിലുള്ള ആസ്തികളുടെ ഫലപ്രദവും പൂർണവുമായ വിനിയോഗമാണ് ഇപ്പോഴത്തെ പാക്കേജിന്റെ ലക്ഷ്യം. ഇതുസംബന്ധിച്ച തീരുമാനങ്ങളെല്ലാം പരസ്യപ്പെടുത്തിക്കഴിഞ്ഞതാണ്. ഇവയുടെ ഓരോന്നിന്റെയും യുക്തിയെന്ത്? അവയുടെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചു? പുരോഗതിയില്ലെങ്കിൽ കാരണമെന്ത്? എന്നിവയാണ് ഓരോ ചെക്ക്പോസ്റ്റുമെടുത്ത് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്.

## വാളയാർ

വാളയാർ ചെക്ക്പോസ്റ്റിനെ സംബന്ധിച്ച് ഏറ്റവും സുപ്രധാന നടപടി റോഡുകളുടെ അറ്റകുറ്റപ്പണിയാണ്. വാളയാർ ചെക്ക്പോസ്റ്റിലൂടെയുള്ള നാഷനൽ ഹൈവേയുടെ സമ്പൂർണ റീസർഫസിംഗ് പ്രവർത്തനം നടത്തിയിട്ട് ഏതാണ്ട് 8 കൊല്ലമായി. ദേശീയ പാത നാഷനൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നാലുവരി പാതയാക്കാൻ വേണ്ടി ഏറ്റെടുത്തിരിക്കുകയാണ്. എന്നാൽ ബി.ഒ.ടി

വ്യവസ്ഥ സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി ഇതുവരെ ധാരണയായിട്ടില്ല. ഇത് സാധാരണ ഗതിയിൽ നടക്കേണ്ട അറ്റകുറ്റപ്പണികളെപ്പോലും ബാധിച്ചിരിക്കുകയാണ്. 1996ൽ ഔട്ട് ചെക്ക്പോസ്റ്റ് സ്ഥാപിക്കപ്പെട്ടപ്പോൾ നന്നാക്കിയതിനുശേഷം അതുവഴിയുള്ള റോഡിൽ ഇന്നേവരെ അറ്റകുറ്റപ്പണി നടന്നിട്ടില്ല. നിലവിലെ റോഡ് അറ്റകുറ്റപ്പണി നടത്തുക മാത്രമല്ല; നാഷനൽ ഹൈവേയുടെ വടക്കുവശത്തെ സൈഡിൽ ഒരു ലൈൻകൂടി എടുക്കുന്നതിനുള്ള വീതിയുണ്ട്. വഴിമുടക്കി ഇപ്പോൾ നിൽക്കുന്ന പോലീസ് ഔട്ട്പോസ്റ്റും മോട്ടോർ വെഹിക്കൾ ഔട്ട് ചെക്ക്പോസ്റ്റും നീക്കം ചെയ്യണം. അതുപോലെതന്നെ വാണിജ്യ നികുതി ചെക്ക്പോസ്റ്റിന്റെ മുന്നിൽ ചില്ലറ വില്പനക്കാരും മറ്റും കൈയ്യടക്കിവെച്ചിരിക്കുന്ന സ്ഥലവുംകൂടി ടാർചെയ്തെടുത്തു കഴിഞ്ഞാൽ ഗ്രീൻ ചാനലിലൂടെ കടന്നുപോകുന്ന വാഹനങ്ങൾക്ക് വഴിമുടക്കാതെ പാർക്കുചെയ്യുന്നതിന് സൗകര്യം ലഭിക്കും.

വാളയാറിലെ വൈദ്യുതിയാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. വൈദ്യുതിത്തകരാറിന് രണ്ട് കാരണങ്ങളുണ്ട്. ഒന്നാമത്തേത്, ലോഡ് വർദ്ധിച്ച് ഡ്രിപ്പാകുന്നതാണ്. പുതിയ ഹൈമാസ്റ്റ് ലൈറ്റും ഓഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണവും എയർകണ്ടീഷണറും മറ്റും ആയപ്പോൾ നിലവിലുള്ള വയറിംഗിന് താങ്ങാനാവുന്നതിലപ്പുറം ലോഡ് ഉണ്ടാകുന്ന സ്ഥിതിയുണ്ടായി. വൈദ്യുതിത്തകരാറിന്റെ മറ്റൊരു കാരണം മാഫിയാ സംഘങ്ങളുടെ കുത്സിത പ്രവർത്തനങ്ങളാണ്. പൊതുലൈനിൽനിന്നാണ് വാളയാർ ചെക്ക്പോസ്റ്റിലേക്കുള്ള വൈദ്യുതി ലൈൻ വലിച്ചിരിക്കുന്നത്. ഇത് അധോലോക സംഘങ്ങളുടെ ഇടപെടൽ വളരെ എളുപ്പമാക്കിത്തീർക്കുന്നു. രാത്രി സൃഷ്ടിക്കുന്ന കൂരിരുട്ടിന്റെ പശ്ചാത്തലത്തിലാണ് അക്രമണങ്ങൾ പലപ്പോഴും അരങ്ങേറുന്നത്.

മലബാർ സിമന്റ്സിലേക്കുള്ള വൈദ്യുതി വിതരണ ലൈനിൽനിന്നും നിലയ്ക്കാത്ത വൈദ്യുതി ലഭിക്കാൻ ഏർപ്പാടായി. കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനിയറുടെ നിർദ്ദേശ പ്രകാരം ഒരു ബദൽ സംവിധാനം നിർമ്മിതി കേന്ദ്ര മുഖേന നടപ്പിൽവരുന്നുണ്ട്. നിലവിലുള്ള 62 കെവിഎയ്ക്കുപകരം ഭാവിയിലെ ഊർജ്ജ ലഭ്യത ഉറപ്പുവരുത്താൻ 99 കെ.വി.എ ആയി ഉയർത്താൻ നടപടികളെടുത്തുവരുന്നു. ഇതോടുകൂടി വാളയാറിൽ വൈദ്യുതി വിതരണ തടസ്സങ്ങൾ ശാശ്വതമായി പരിഹരിക്കാനാകും. ചെക്ക്പോസ്റ്റിലെ വൈദ്യുതിവൽക്കരണം സംബന്ധിച്ച് കൃത്യമായ പരിശോധനയും മറ്റും നടത്തുന്നതിനായി, പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം) യുടെ ഉപദേശപ്രകാരം മൂന്ന് മാസംവീതം അംഗീകൃത കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടാൻ തീരുമാനമായിട്ടുണ്ട്. കൂടാതെ മലബാർ സിമന്റ്സിന്റെ വൈദ്യുതി കണക്ഷൻ ഉപയോഗിച്ച് ചെക്ക്പോസ്റ്റ് പരിസരത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ചെലവ് മലബാർ സിമന്റ്സാണ് വഹിച്ചത്.

അടുത്തതായി ചെക്ക്പോസ്റ്റിനുള്ളിലെ സൗകര്യങ്ങളാണ്. ചരക്ക് ഇറക്കിവച്ച് പരിശോധിക്കാൻ സൗകര്യപ്രദമായ രണ്ട് പ്ലാറ്റ്ഫോമുകൾ യാർഡിൽ ഉണ്ട്. പക്ഷേ ആവശ്യത്തിലേറെ വീതിയുള്ളതുകൊണ്ട് അവ യാർഡിലെ വാഹന ഗതാഗതത്തിന് ഒരു തടസ്സമായിത്തീർന്നിരിക്കുകയാണ്. ഒരു സമയം ഒരു വണ്ടി മാത്രമേ പ്ലാറ്റ്ഫോമുകൾക്കിടയിലൂടെ കടന്നുപോകൂ. ഇത് പലപ്പോഴും ഗതാഗത സ്തംഭനത്തിന് ഇടയാക്കുന്നു. ഡ്രൈവർമാർക്കുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ തീർത്തും ഉപയോഗശൂന്യമാണ്. യാർഡിനു പിന്നിലുള്ള 80 സെന്റോളം വരുന്ന വെളിമ്പ്രദേശമാണ് ഇപ്പോൾ പ്രാഥമികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. ഈ പ്രദേശം കൂടി യാർഡ് ആക്കി മാറ്റിയാൽ പാർക്കിംഗിന് സൗകര്യം വർധിപ്പിക്കാനാകും. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ഈ ചെക്ക്പോസ്റ്റിലെ ഓഫീസ് കെട്ടിടത്തിന്റെ താഴത്തെ നില ഇപ്പോൾ എയർകണ്ടീഷൻ ചെയ്തിരിക്കുന്നു. പക്ഷേ, വാഹനപുകമധ്യത്തിൽ മുകളിലത്തെ നിലയിലാണെങ്കിലും ഇരുന്ന് പണിയെടുക്കുക തികച്ചും അനാരോഗ്യപരമാണ്. ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങളൊന്നുമില്ല. ക്യാന്റീനുമില്ല.

വാളയാറിലെയും അനുബന്ധ ചെക്ക്പോസ്റ്റുകളിലെയും ഇത്തരത്തിലുള്ള പശ്ചാ

ത്തല സൗകര്യമില്ലായ്മ ഓരോന്നും 28.07.07 -ൽ കലക്ട്രേറ്റിൽ ചേർന്ന എല്ലാ ബന്ധപ്പെട്ട വകുപ്പുകളുടെയും ജില്ലാതല ഉദ്യോഗസ്ഥ യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വിധേയ മാക്കുകയും അടിയന്തിരമായി തീർക്കേണ്ടുന്ന നിർമ്മാണ പ്രവൃത്തികൾ തീരുമാനിക്കുകയും ചെയ്തു. തീരുമാനങ്ങൾ വേണ്ടത്ര വേഗത യിൽ നടപ്പിലാവുന്നില്ല എന്ന് ബോധ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ 14-ാം തീയതിധന കാര്യ സെക്രട്ടറി, ടാക്സസ് സെക്രട്ടറി, ടാക്സസ് കമ്മീഷണർ തുടങ്ങിയവർ മന്ത്രി യുടെ അധ്യക്ഷതയിൽ വീണ്ടും ഉദ്യോ ഗസ്ഥയോഗം വിളിച്ചുചേർക്കുകയും നിർവഹ ണത്തിനുള്ള തടസ്സംപലതും തീർക്കുകയും ചെയ്തു. സെപ്തംബർ മൂന്നാം തിയ്യതി വീണ്ടും ഒരുദ്യോഗസ്ഥതല അവലോകന യോഗം നടക്കുകയും മന്ത്രിതന്നെ നേരിട്ട് പുരോഗതി വിലയിരുത്തുന്നതിന് എല്ലാ ചെക്ക്പോസ്റ്റുകളും സന്ദർശിക്കുകയും ചെയ്തു.

## വേലന്താവളം

07.08.07 വേലന്താവളം ചെക്ക്പോസ്റ്റ് കോഴി പ്പാറയിലേക്ക് മാറ്റി. തമിഴ്നാട് അതിർത്തിക്ക പ്പുറത്ത് ചാവടിമുക്കിൽനിന്നാരംഭിക്കുന്ന റോഡ് വാളയാർ ചെക്ക്പോസ്റ്റിന് തെക്കോ ട്ടുമാറി വേലന്താവളം, കോഴിപ്പാറ വഴി പാല ക്കാടേക്ക് പോകുന്നു. ഇവിടെ വേലന്താവളം ജംഗ്ഷനിലായിരുന്നു ചെക്ക്പോസ്റ്റ്. ചെക്ക് പോസ്റ്റ് യാർഡിൽ കയറ്റി പരിശോധന നടത്തി തിരിച്ചിറക്കുക അസാധ്യമാണ്. ആയ തിനാൽ റോഡിൽവെച്ചുതന്നെയാണ് പരി ശോധന നടത്തുന്നത്. ജംഗ്ഷൻ ബസ് സ്റ്റാന്റായിട്ടുകൂടി ഉപയോഗപ്പെടുത്തുന്നു എന്നതിനാൽ എന്തെങ്കിലും വിശദമായ പരി ശോധന നടത്താനുള്ള പരിശ്രമം ഗതാഗത ക്കുരുക്ക് സൃഷ്ടിക്കുന്നു. അതുകൊണ്ട് പ്രായോഗികമായി പരിശോധനയേ ഇല്ലെന്നു ള്ളതാണ് സ്ഥിതി. സ്റ്റാഫിനുള്ള ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും അത് ഉപയോഗശൂന്യമായി കിട ക്കുകയാണ്. ഈ സാഹചര്യത്തിൽ ചെക്ക് പോസ്റ്റ് വേലന്താവളത്തുനിന്ന് 3 കിലോമീറ്റർ കിഴക്കോട്ട് മാറി കോഴിപ്പാറയിലേക്ക് മാറ്റു വാൻ തീരുമാനിച്ചു. ഇവിടെ പഞ്ചായത്തുവക 2734.8 ചതുരശ്ര അടിയുള്ള ഇരുനില കെട്ടിട മാണ്. ഇത് ഭാഗികമായി നികുതി വകുപ്പിന് വിട്ടുതരുന്നതിന് പഞ്ചായത്ത് സന്നദ്ധമാണ്. എന്നാലിപ്പോൾ കെട്ടിടവും സ്ഥലവും പൂർണ മായി നികുതി വകുപ്പിന് കൈമാറുന്നതിനും ഇതിനു പകരമായി വേലന്താവളത്ത് മെയിൻ റോഡിൽനിന്ന് അല്പം മാറി നികുതി വകു പ്പിന്റെ അധീനതയിലുള്ള 80 സെന്റ് സ്ഥല ത്തുനിന്ന് അവിടെ പുതുതായി പണി കഴിപ്പി ച്ചിട്ടുള്ള ക്വാർട്ടേഴ്സും അതിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള സ്ഥലവും ഒഴികെ ബാക്കി സ്ഥലം പഞ്ചായത്തിന് കൈമാറുന്നതിന് ധാര ണയായിരിക്കുകയാണ്. ഇവിടെ ബസ് സ്റ്റാന്റ് സ്ഥാപിക്കുന്നതിനാണ് പഞ്ചായത്ത് തീരുമാ നിച്ചിട്ടുള്ളത്. ഇതുവഴി വേലന്താവളം ജംഗ്ഷ നിലെ തിരക്ക് കുറയ്ക്കുന്നതിന് കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ചിറ്റൂർ എം.എൽ.എ. ശ്രീ കെ.അച്യുതന്റെ എം.എൽ.എ ഫണ്ടിൽനിന്നാണ് പഞ്ചായത്ത് കൈമാറുന്ന കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അദ്ദേഹവുംകൂടി മുൻകൈ എടുത്താണ് ഈ പുതിയ സംവി ധാനം ഏർപ്പാടാക്കിയിട്ടുള്ളത്.

കോഴിപ്പാറയിലുള്ള പുതിയ ചെക്ക്പോ സ്റ്റിന്റെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ ചില അടിയന്തിര നിർമ്മാണ പ്രവൃത്തികൾ കൂടിയേതീരൂ. സമീപകാലത്ത് വേലന്താവളം വഴിയുള്ള വണ്ടികളുടെ ഒഴുക്ക് ഗണ്യമായി വർദ്ധിച്ചു കഴിഞ്ഞു. വാഹനങ്ങളുടെ പരിശോ ധന കൂടുതൽ ചിട്ടയായി നടത്തുന്നത് പുതിയ ആസ്ഥാനത്തും ഗതാഗതക്കുരുക്കിന് ഇടവ രുത്തിയിട്ടുണ്ട്. വണ്ടികൾ റോഡിൽ നിന്ന് സൈഡിലേക്ക് മാറ്റി പാർക്കുചെയ്യുന്നതിന് ഡ്രൈവർമാർ വിസമ്മതിക്കുന്നു. മഴപെയ്ത് റോഡ് ഷോൾഡറുകൾ തകർന്നിരിക്കുകയാ ണ്. റോഡ് ഷോൾഡറുകൾ ബലപ്പെടുത്തി ടാർ ചെയ്യാതെ ഈ പ്രശ്നം പരിഹരിക്കാനാ വില്ല. പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കൈയ്യേറിയിട്ടുണ്ട്. വേലന്താവളത്തുനിന്ന് കോഴിപ്പാറയിലേക്ക് ചെക്ക്പോസ്ററ് മാറ്റു മ്പോൾ കനാൽപിരിവ് വഴിയുള്ള ഉപറോഡി ലൂടെ വണ്ടികൾക്ക് ചെക്ക്പോസ്റ്റ് കടന്നുപോ കാം. ഇതുപോലെതന്നെ കോഴിപ്പാറ ജംഗ്ഷനു തൊട്ടപ്പുറത്തുള്ള റോഡും അന ധികൃതമായുള്ള മറ്റൊരു മാർഗ്ഗമാണ്. ആദ്യം പറഞ്ഞ സ്ഥലത്തെങ്കിലും അടിയന്തിരമായി

സാറ്റലൈറ്റ് ചെക്ക്പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്. ആവശ്യമായ വെളിച്ചമില്ലാത്തതും ഗൗരവമായ ഒരു പ്രശ്നമാണ്.

## നടുപ്പുണി

നടുപ്പുണി ചെക്ക്പോസ്റ്റ് കോഴിചരക്ക് കടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ്. സുരക്ഷിതത്വപ്രശ്നം ഏറെയുള്ള ഒരു ചെക്ക് പോസ്റ്റാണിത്. അതുകൊണ്ട് പോലീസിന് താമസസൗകര്യം ഒരുക്കിയേ തീരൂ. ആവശ്യമായ വൈദ്യുതി, വെളിച്ചം ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. ചെക്ക്പോസ്റ്റിനു സമീപമുള്ള റോഡ് അറ്റകുറ്റപ്പണി നടത്താതെ തകർന്നു കിടക്കുകയാണ്. സ്വന്തമായി കെട്ടിടമുണ്ട്. വിശാലമായ യാർഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ ഉണ്ടെങ്കിലും ഇപ്പോൾ ഉപയോഗയോഗ്യമല്ല.

## ഒഴലപ്പതി

പുറമ്പോക്കിൽ താൽക്കാലികമായ ഒരു ഓലപ്പുരമാത്രമേയുള്ളൂ. യാതൊരു അടിസ്ഥാന സൗകര്യവുമില്ല. കണ്ടെയ്നർ കാബിൻ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## വാളറ

റോഡ് സൈഡിലുള്ള ഒരു ഓല ഷെഡ്ഡാണിത്. സ്വകാര്യഭൂമിയെന്ന നിലയിൽ വാടകയും കൊടുക്കുന്നു. യാതൊരു അടിസ്ഥാന സൗകര്യവുമില്ല. തെക്കോട്ടുമാറി ബസ് സ്റ്റോപ്പിലുള്ള പുറമ്പോക്കിലേക്ക് ഇത് മാറ്റി സ്ഥാപിക്കാവുന്നതാണ്. ഇതിനായി കണ്ടെയ്നർ കാബിൻ സ്ഥാപിക്കേണ്ടതുണ്ട്.

## അത്തിക്കോട്

താൽക്കാലിക ഷെഡിൽ പാതി പുറമ്പോക്കിലും പാതി സ്വകാര്യ സ്ഥലത്തുമായി സ്ഥിതി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങളില്ല. റോഡിന്റെ അറ്റകുറ്റപ്പണികൾ വേണ്ടതാണ്.

## മേനോൻ പാറ

സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുനിൽക്കുന്ന ഓല ഷെഡ്. യാതൊരു സൗകര്യവുമില്ല.

## അഞ്ചാം മൈൽ

ചായക്കടയുടെ സമീപമുള്ള വാടക മുറിയിലാണ് പ്രവർത്തിക്കുന്നത്. യാതൊരു സൗകര്യവുമില്ല.

## മീനാക്ഷിപുരം

സ്വന്തം കെട്ടിടം കോൺക്രീറ്റു ചെയ്ത വിശാലമായ യാർഡും മൂന്ന് സ്റ്റാഫ് ക്വാർട്ടേഴ്സും ഉണ്ട് എന്നാൽ ചെക്ക്പോസ്റ്റ് റോഡിന്റെ തെറ്റായ സ്ഥലത്താണ്. ഇതാണ് ഇവിടുത്തെ പ്രശ്നം. അതുകൊണ്ട് വേബ്രിഡ്ജ് സ്ഥാപിക്കലാണ് പ്രായോഗികം. ക്വാർട്ടേഴസ് ഉപയോഗ യോഗ്യമല്ല. കിണറുണ്ട്. ഇപ്പോൾ ഒരു ക്വാർട്ടേഴ്സ് നവീകരിച്ചിട്ടുണ്ട്.

## ഗോപാലപുരം:

സ്വന്തമായിട്ടുള്ള ഇരുനില കെട്ടിടമുണ്ട്. പരിശോധനക്കുള്ള പ്ലാറ്റ്ഫോമും ഉണ്ട്. എക്സൈസ് ചെക്ക്പോസ്റ്റും ഈ കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. ചെക്ക്പോസ്റ്റിന് തൊട്ടുമുന്നിൽ തെക്കോട്ട് നീങ്ങി റോഡിലേക്ക് കടന്നുപോകുന്ന ഊടുവഴി കള്ളക്കടത്തിനായി ഉപയോഗിക്കുന്നു. ഈ സ്ഥലം സർവേ നടത്തി മാർഗതടസ്സം സൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. റോഡിന്റെ ഇരുവശവും ബലപ്പെടുത്തി ഗതാഗതക്കുരുക്ക് ഒഴിവാക്കാനാകണം.

## കന്നിമാരി

പുറമ്പോക്കിലുള്ള ഓല ഷെഡ്ഡാണ്. യാതൊരു അടിസ്ഥാന സൗകര്യവുമില്ല. അനധികൃത സ്വകാര്യ ചെക്ക്പോസ്റ്റ് ഇവിടെ കണ്ടെത്തി അടച്ചുപൂട്ടിച്ചിട്ടുണ്ട്.

## ഗോവിന്ദപുരം

സ്വന്തമായി സർക്കാർ കെട്ടിടം, വിശ്രമ മുറികളുണ്ട്. ഏതാണ്ട് 50 സെന്റ് ഭൂമി സ്വന്തമായുണ്ട്. കുഴൽക്കിണറും വൈദ്യുതിയും ഉണ്ട്. നീലിപ്പാറയും കീഴ്വൺ പുതൂരും സാറ്റലൈറ്റ് ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.

## ചെമ്മണാംപതി

പുറമ്പോക്കിൽ ഓലഷെഡിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള സ്ഥലത്ത് വെള്ളക്കെട്ടുണ്ട്. ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

ഓരോ ചെക്ക്പോസ്റ്റിലും അടിയന്തിരമായി നടത്തേണ്ടിയിരുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ പട്ടിക 8.1 മുതൽ 8.13 വരെ കൊടുത്തിരിക്കുന്നു.

പട്ടിക 8.1

*വാളയാർ ചെക്ക്പോസ്റ്റിലെ നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാന മെടുത്ത തിയ്യതി | ഏൽപ്പിച്ച വകുപ്പ്/ഏജൻസി | ഭരണാനുമതി നൽകിയ തിയ്യതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| രണ്ട് ബ്ലോക്കുകളുടെയും താഴത്തെ നില ഡസ്റ്റ്-ഫ്രീ ആക്കലും കൗണ്ടർ നവീകരണവും | 07.01.07 | നിർമിതി കേന്ദ്രം | 24.05.07 | 5,75,000/- | പൂർത്തിയായി |
| ക്യാബിൻ നിർമാണം | 23.07.07 | നിർമിതി കേന്ദ്രം | 20.08.07 | 1,55,000 | പൂർത്തിയായി |
| കിച്ചൻ ഷെഡ് | 14.08.07 | നിർമിതി കേന്ദ്രം | 20.08.07 | 2,00,000 | പൂർത്തിയായി |
| ജനറേറ്റർ ഷെഡ് | 14.08.07 | നിർമിതി കേന്ദ്രം | 10.09.07 | 1,15,000 | പണി നടക്കുന്നു. |
| ഹെൽപ്പ് ഡെസ്ക് മുറി നിർമാണവും. സജ്ജീകരണവും | 14.08.07 | നിർമിതി കേന്ദ്രം | 07.09.07 | 2,26,000 | പണി പൂർത്തിയായി. സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| ട്രഷറി ഓഫീസ് സജ്ജീകരിക്കൽ | 03.09.07 | നിർമിതി കേന്ദ്രം | 17.09.07 | 225000 | പൂർത്തിയായി |
| പേ&ആന്റ് യൂസ് ടോയ്ലറ്റ് | 24.11.06 | കിറ്റ്കോ | 17.01.07 | 49 ലക്ഷത്തിൽ ഉൾപ്പെടും | പണി നടക്കുന്നു |
| പഴയ വേ-ബ്രിഡ്ജ് പൊളിക്കൽ | 28.07.07 | സിൽക് | 31.07.07 | 27094 | |
| അഡീഷണൽ യാർഡ് ടാർ ചെയ്യൽ | 24.11.06 | കിറ്റ്കോ | 17.01.07 | 49 ലക്ഷത്തിൽ ഉൾപ്പെടും | മഴമൂലം പണി പൂർ ത്തിയാക്കിയിട്ടില്ല. |
| ബയോഗ്യാസ് പ്ലാന്റ് നിർമാണം | 30.09.07 | അനർട്ട് | - | എസ്റ്റിമേറ്റ് തയ്യാറായിവരുന്നു | |
| ദേശീയപാതയിലെ കുഴിടയക്കൽ | 28.07.07 | പി.ഡബ്ല്യൂ ഡിനാഷനൽ ഹൈവേ | 31.07.07 | 6 ലക്ഷം | പൂർത്തിയായി |
| ദേശീയപാതയുടെ ഷോൾഡർ ലവൽ ചെയ്യുന്നതും ടാർ ചെയ്യലും | 14.08.07 | പി.ഡബ്ല്യൂ ഡിനാഷനൽ ഹൈവേ | 7.10.07 | 26 ലക്ഷം | പൂർത്തിയായി |
| പഴയ ദേശീയപാത ഔട്ട് ചെക്ക്പോസ്റ്റ് അറ്റകുറ്റപ്പണി | 14.08.07 | പി.ഡബ്ല്യൂ ഡിനാഷനൽ ഹൈവേ | 17.10.07 | 37.50 + 65 ലക്ഷം | മഴമൂലം പണി പൂർത്തിയായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 100 കെ.വി. എ. ജ ന റേറ്ററിന്റെ സ്ഥാപനം | 14.08.07 | നിർമിതി കേന്ദ്രം | 11.09.07 | 8,10,000 | ജനറേറ്റർ എത്തി. സ്ഥാപി ക്കുന്നതിനുള്ള പ്രവർത്തി നട ക്കുന്നു |
| ജനറേറ്ററിന്റെ വൈദ്യുതി കണ ക്ഷൻ | 14.08.07 | നിർമിതി കേന്ദ്രം | 11.09.07 | 9,20,000 | പണി നടക്കുന്നു |
| മലബാർ സിമന്റ് സിൽ നിന്ന് ചെക്ക്പോസ്റ്റിലേക്ക് വൈദ്യുതി കണക്ഷൻ | 14.08.07 | കെ.എസ്.ഇ. ബി. | 02.08.07. (മലബാർ സിമെന്റ് സ് ആണ് ഈ പ്രവർത്തി ഏറ്റെ ടുത്തത്) | 15 ലക്ഷം | പൂർത്തിയായി |
| വാളയാർ ഇൻ- ചെക് പോസ്റ്റി ലേ വയറിംഗും ഫിറ്റിംഗ്സും പുതു ക്കൽ | 14.08.07 | നിർമിതി കേന്ദ്രം | 17.10.07 | — | എസ്റ്റിമേറ്റ് തയ്യാറായിവ രുന്നു |
| ദേശീയപാതയിലെ സോഡിയം വേപ്പർലാംപ്. | 14.08.07 | മലബാർ സിമന്റ് സ് | മലബാർ സിമെന്റ് സ് ആണ് ഈ പ്രവർത്തി ഏറ്റെ ടുത്തത് | സൗജന്യ മായി നൽകി | പൂർത്തീകരിച്ചു. |

പട്ടിക 8.2

*കോഴിപ്പാറ നിർമ്മാണ പ്രവൃത്തികൾ*

| **നിർമ്മാണ പ്രവർത്തനം** | **തീരുമാന മെടുത്ത തിയ്യതി** | **ഏൽപ്പിച്ച വകുപ്പ്/ഏ ജൻസി** | **ഭരണാനുമതി നൽകിയ തിയ്യതി** | **അനുവ ദിച്ച തുക** | **ഇതുവരെ നട ത്തിയ പ്രവർത്തനം** |
|---|---|---|---|---|---|
| കോഴിപ്പാറ ചെക്ക്പോസ്റ്റ് കെട്ടിടം നവീക രണം | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 1 ലക്ഷം | പൂർത്തിയായി |
| വേലന്താവളം ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണിയും നവീകരണവും | 21.06.07 | നിർമിതി കേന്ദ്രം | 27.07.07 | 5,80,000 (50% മുൻകൂ റായി നൽകി) | കെട്ടിടം പൂർത്തി യായി. ചുറ്റുമതി ലിന്റെ പണി പുരോഗമിക്കുന്നു |
| നീലിപ്പാറ ജംഗ്ഷ നിൽ ബാരിക്കേഡ് | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 1,30,000 | എസ്റ്റിമേറ്റ് തയ്യാ റായി |
| റോഡ് ഷോൾഡർ ബലപ്പെടുത്തി ടാർ ചെയ്യൽ | 16.08.07 | പി.ഡബ്ല്യൂ. ഡി | 03.10.07 | 2 ലക്ഷം | പൂർത്തിയായി |
| സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കലും വോൾട്ടേജ് ഉറപ്പാ ക്കലും | 16.08.07 | കെ.എസ്. ഇ.ബി. | 17.10.07 | - | എസ്റ്റിമേറ്റ് തയ്യാ റാക്കി വരുന്നു |

പട്ടിക 8.3

*നടുപുണി നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാന മെടുത്ത തീയതി | ഏൽപ്പിച്ച വകുപ്പ്/ ഏജൻസി | ഭരണാനുമതി നൽകിയ തീയതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| ചുറ്റുമതിൽ, കുഴൽക്കിണർ, നിലവിലുള്ള കിണർ ഉപയോഗക്ഷമമാക്കൽ, ടൈപ്പ് (1) Qts. 3 എണ്ണം | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 9.80 ലക്ഷം | കിണർ ഉപയോഗ ക്ഷമ മാക്കി. മറ്റ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| 200 മീറ്റർ റോഡ് നിർമാണം | 16.08.07 | പി.ഡബ്ല്യൂ ഡി | 03.10.07 | 23 ലക്ഷം | ടെണ്ടർ ക്ഷണിച്ചു |
| സോഡിയം വേപ്പർ ലാംപും വോൾട്ടേജ് ഉറപ്പാക്കലും | 16.08.07 | കെ.എസ്. ഇ.ബി. | 17.10.07 | - | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| ചുറ്റുമതിലും ക്വാർട്ടേഴ്സും നവീകരിക്കൽ<br>ടൈപ്പ് (2) 4 എണ്ണം | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 17.05 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| ജനറേറ്റർ സ്ഥാപിക്കൽ | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 4.40 ലക്ഷം | തുടങ്ങിയിട്ടില്ല |
| നൈറ്റ്ട്രഷറി ഓഫീസ് സജ്ജീകരണം | 03.09.07 | നിർമിതി കേന്ദ്രം | 17.09.07 | - | പൂർത്തിയായി |

പട്ടിക 8.4

*ഒഴലപ്പതി നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തീയതി | ഏൽപ്പിച്ച വകുപ്പ്/ഏജൻസി | ഭരണാനുമതി നൽകിയ തീയതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| കണ്ടെയ്നർ കാബിൻ സ്ഥാപിക്കൽ | 16.08.07 | ഇന്റഗ്രേറ്റഡ് ലിഫ്റ്റേഴ്സ് | 19.09.07 | 3.35 ലക്ഷം | ഓർഡർ നൽകി |
| സോഡിയം വേപ്പർലാംപ് | 16.08.07 | കെ.എസ്. ഇ.ബി | 17.10.07 | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

പട്ടിക 8.5

*വാളറ നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തീയതി | ഏൽപ്പിച്ച വകുപ്പ്/ഏജൻസി | ഭരണാനുമതി നൽകിയ തീയതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| കണ്ടെയ്നർ കാബിൻ സ്ഥാപിക്കൽ. | 16.08.07 | ഇന്റഗ്രേറ്റഡ് ലിഫ്റ്റേഴ്സ് | 19.09.07 | 3.35 ലക്ഷം | ഓർഡർ നൽകി |
| സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കൽ | 16.08.07 | കെ.എസ്. ഇ.ബി | 17.10.07 | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

പട്ടിക 8.6

*അത്തിക്കോട് നിർമ്മാണ പ്രവൃത്തികൾ*

| **നിർമ്മാണ പ്രവർത്തനം** | **തീരുമാനമെടുത്ത തീയതി** | **ഏൽപ്പിച്ച വകുപ്പ്/ഏജൻസി** | **ഭരണാനുമതി നൽകിയ തീയതി** | **അനുവദിച്ച തുക** | **ഇതുവരെ നടത്തിയ പ്രവർത്തനം** |
|---|---|---|---|---|---|
| റോഡ് അറ്റകുറ്റപ്പണി | 16.08.07 | പി.ഡബ്ല്യൂ.ഡി (റോഡ്സ്) | 03.10.07 | 5.50 ലക്ഷം | ടെണ്ടർ ക്ഷണിച്ചു |
| സോഡിയം വേപ്പർലാംപ് | 16.08.07 | കെ.എസ്.ഇ.ബി | 17.10.07 | - | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

പട്ടിക 8.7

*മേനോൻപാറ നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തിയ്യതി | ഏൽപ്പിച്ച വകുപ്പ്/ ഏജൻസി | ഭരണാനുമതി നൽകിയ തിയ്യതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| സോഡിയം വേപ്പർ ലാംപ് | 16.08.07 | കെ.എസ്.ഇ.ബി | | - | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

പട്ടിക 8.8

*അഞ്ചാംമൈൽ നിർമ്മാണപ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തിയ്യതി | ഏൽപ്പിച്ച വകുപ്പ്/ ഏജൻസി | ഭരണാനുമതി നൽകിയ തിയ്യതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| സോഡിയം വേപ്പർ ലാംപ് | 16.08.07 | കെ.എസ്.ഇ.ബി. | | - | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

പട്ടിക 8.9

*മീനാക്ഷിപുരം നിർമ്മാണ പ്രവൃത്തികൾ*

| **നിർമ്മാണ പ്രവർത്തനം** | **തീരുമാനമെടുത്ത തീയതി** | **ഏൽപ്പിച്ച വകുപ്പ്/ഏജൻസി** | **ഭരണാനുമതി നൽകിയ തീയതി** | **അനുവദിച്ച തുക** | **ഇതുവരെ നടത്തിയ പ്രവർത്തനം** |
|---|---|---|---|---|---|
| 300 മീറ്ററോളം റോഡ് ബലപ്പെടുത്തൽ, വീതി കൂട്ടൽ, ടാറിങ്ങ്, ഓട നിർമാണം. | 16.08.07 | പി.ഡബ്ല്യൂ.ഡി | 03.10.07 | 28.70 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| ക്വാർട്ടേഴ്സ് നവീകരണം (ഒന്നാം ഘട്ടം) ബാരിക്കേട് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനം | 16.08.07 | നിർമിതി കേന്ദ്രം | 14.08.07 | 9,62,500 (50 ശതമാനം തുക നല്കി) | ടൈപ്പ് 1 ക്വാർട്ടേഴ്സ് പൂർത്തിയായി 5 ക്വാർട്ടേഴ്സുകളുടെ മേൽക്കൂര പൂർത്തിയായി. അറ്റകുറ്റപണികൾ പുരോഗമിക്കുന്നു |
| മീനാക്ഷിപുരത്തെ ക്വാർട്ടേഴ്സുകളുടെ നവീകരണം (രണ്ടാം ഘട്ടം) | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 10,10,000 | ഒന്നാം ഘട്ടം പൂർത്തിയായശേഷം ആരംഭിക്കും |

പട്ടിക 8.10

*ഗോപാലപുരം നിർമ്മാണപ്രവൃത്തികൾ*

| **നിർമ്മാണ പ്രവർത്തനം** | **തീരുമാനമെടുത്ത തീയതി** | **ഏൽപ്പിച്ച വകുപ്പ്/ഏജൻസി** | **ഭരണാനുമതി നൽകിയ തീയതി** | **അനുവദിച്ച തുക** | **ഇതുവരെ നടത്തിയ പ്രവർത്തനം** |
|---|---|---|---|---|---|
| ചെക്ക്പോസ്റ്റ് കെട്ടിടം നവീകരണം | 21.06.07 | നിർമിതി കേന്ദ്രം | 27.07.07 | 18,50,000/- (50% തുക മുൻകൂറായി നൽകി) | കെട്ടിട നിർമാണം പൂർത്തിയായി.. |
| ഓഫീസ് നവീകരണവും അറ്റകുറ്റപ്പണിയും. | 21.06.07 | നിർമിതി കേന്ദ്രം | 27.07.07 | | പൂർത്തിയായി |
| യാർഡ് ബലപ്പെടുത്തൽ | 21.06.07 | നിർമിതി കേന്ദ്രം | 27.07.07 | | നിർമ്മാണം പുരോഗമിക്കുന്നു |
| ചരക്കു വാഹനങ്ങൾ ഊടുവഴിയിലൂടെ കടന്നുപോകുന്നത് തടയാൻ ഭിത്തികെട്ടലും ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി 500 മീറ്റർ റോഡരിക് ബലപ്പെടുത്തലും | 14.08.07 | പി.ഡബ്ല്യൂ.ഡി. | 03.10.07 | 37 ലക്ഷം | ടെണ്ടർ നടപടികൾ പുരോ ഗമിക്കുന്നു |
| പേ & യൂസ് ടോയ്‌ലറ്റ് | 16.08.07 | നിർമിതി കേന്ദ്രം | 6.10.07 | 1.40 ലക്ഷം | |
| ജനറേറ്റർ സ്ഥാപിക്കൽ | 16.08.07 | നിർമിതി കേന്ദ്രം | 17.10.07 | 4.13 ലക്ഷം | |
| വോൾട്ടേജ് ഉറപ്പാക്കൽ | 16.08.07 | കെ.എസ്. ഇ.ബി | 17.10.07 | - | പൂർത്തിയായി |
| ജീവനക്കാർക്ക് താമസത്തിനായി വാട വീട് | 16.08.07 | | | | ചെക്ക് പോസ്റ്റ് കെട്ടിടത്തിൽ തന്നെ ഡോർമെറ്ററി നവീകരിച്ചതിനാൽ വാടക വീട് ആവശ്യമില്ല |

പട്ടിക 8.11

*കന്നിമാരി നിർമ്മാണപ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തിയ്യതി | ഏൽപ്പിച്ച വകുപ്പ്/ ഏജൻസി | ഭരണാനുമതി നൽകിയ തിയ്യതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| ചെക്ക്പോസ്റ്റിലേക്ക് വരുന്ന വാഹനങ്ങൾ പാർക്കു ചെയ്യാൻ കനാലിനു മുൻപ് 200 മീറ്റർ റോഡിന്റെ വീതി കൂട്ടൽ | 16.08.07 | പി.ഡബ്ല്യൂ.ഡി | 03.10.07 | 11 ലക്ഷം | മഴമൂലം പണി പൂർത്തിയായില്ല. |
| സോഡിയം വേപ്പർ ലാംപ് | 16.08.07 | കെ.എസ്. ഇ.ബി. | | - | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| പ്ലാറ്റുഫോറം നിർമ്മാണം | 16.08.07 | നിർമ്മിതി കേന്ദ്രം | 19.09.07 | 0.70 ലക്ഷം | മഴമൂലം പണി പൂർത്തിയായില്ല. |
| കണ്ടെയ്നർ കാബിൻ നിർമ്മാണം | 16.08.07 | ഇന്റഗ്രേറ്റഡ് ലിഫ്റ്റേഴ്സ് | 19.09.07 | 3.35 ലക്ഷം | ഓർഡർ നൽകി |

## പട്ടിക 8.12

### *ഗോവിന്ദപുരം നിർമ്മാണപ്രവൃത്തികൾ*

| **നിർമ്മാണ പ്രവർത്തനം** | **തീരുമാനമെടുത്ത തീയതി** | **ഏൽപ്പിച്ച വകുപ്പ്/ഏജൻസി** | **ഭരണാനുമതി നൽകിയ തീയതി** | **അനുവദിച്ച തുക** | **ഇതുവരെ നടത്തിയ പ്രവർത്തനം** |
|---|---|---|---|---|---|
| ചെക്ക്പോസ്റ്റ് നവീകരണം | 21.06.07 | നിർമിതി കേന്ദ്രം | 27.07.07 | 7.30 ലക്ഷം (50% തുക മുൻകൂറായി നൽകി) | പ്ലംബിംഗും വൈദ്യുതവൽക്കരണവും പൂർത്തിയായി പെയിന്റിംഗ് നടന്നുവരുന്നു. |
| വെയ്ബ്രിഡ്ജ് സ്ഥാപിക്കാനായി നിലവിലുള്ള കെട്ടിടം പൊളിക്കൽ | 16.08.07 | നിർമിതി കേന്ദ്രം കിറ്റ്കോയുമായി സഹകരിച്ച് | 17.10.07 | 0.40 ലക്ഷം | മഴമൂലം പണി തുടങ്ങിയിട്ടില്ല |
| ഓഫീസ് നവീകരണം | 16.08.07 | നിർമിതി കേന്ദ്രം | 15.10.07 | 1.25 ലക്ഷം | പണി പുരോഗമിക്കുന്നു |
| പോലീസിനും എക്സൈസിനും റോഡരികിൽ പുതിയ കെട്ടിടം | 16.8.07 | നിർമിതി കേന്ദ്രം കിറ്റ്കോയുമായി സഹകരിച്ച് | 6.10.07 | 2.30 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| യാർഡ്, ബാരിക്കേഡ്, റീകോൺക്രീറ്റ് | 16.08.07 | നിർമിതി കേന്ദ്രം | 6.10.07 | 2.30 ലക്ഷം | മഴമൂലം പണി തുടങ്ങിയിട്ടില്ല |

## പട്ടിക 8.13

### *ചെമ്മണാംപതി നിർമ്മാണ പ്രവൃത്തികൾ*

| നിർമ്മാണ പ്രവർത്തനം | തീരുമാനമെടുത്ത തിയ്യതി | ഏൽപ്പിച്ച വകുപ്പ്/ ഏജൻസി | ഭരണാനുമതി നൽകിയ തിയ്യതി | അനുവദിച്ച തുക | ഇതുവരെ നടത്തിയ പ്രവർത്തനം |
|---|---|---|---|---|---|
| പ്രീ ഫാബ്രിക്കേറ്റഡ് ക്യാബിനുവേണ്ടിയുള്ള പ്ലാറ്റ്ഫോം നിർമ്മാണം | 16.08.07 | നിർമിതി കേന്ദ്രം | 19.09.07 | 0.70 ലക്ഷം | മഴമൂലം പണി പൂർത്തിയായിട്ടില്ല.. |
| ചാലോടുകൂടിയുള്ള 300 മീറ്റർ റോഡിന്റെ അറ്റകുറ്റപ്പണി | 16.08.07 | പി.ഡബ്ല്യൂ.ഡി | 03.10.07 | 22.3 ലക്ഷം | മഴമൂലം പണി പൂർത്തിയായില്ല. |
| സോഡിയം വേപ്പർ ലാംപ് | 16.08.07 | കെ.എസ്.ഇ.ബി | | | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| കണ്ടെയ്നർ കാബിൻ സ്ഥാപിക്കണം | 16.08.07 | ഇന്റഗ്രേറ്റഡ് ലിഫ്റ്റേഴ്സ് | 19.09.07 | 3.35 ലക്ഷം | ഓർഡർ നൽകി |

എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും കൂടിവരുന്ന മൊത്തം ചെലവ് 5.50 കോടി രൂപയാണ്. ഇവയിൽ 3.60 കോടി രൂപ റോഡിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ടി മാത്രമുള്ളവയാണ്. ഇത് സാധാരണഗതിയിൽ നടന്നുപോകുന്ന ഒരു ചെലവാണ്. എന്നാൽ ഇപ്പോൾ പാക്കേജിന്റെ ഭാഗമായി മുൻഗണന നൽകി നടപ്പാക്കുകയാണ്. ക്വാർട്ടേഴ്സിന്റെ നവീകരണത്തിന് 51 ലക്ഷം രൂപയാണ് വകയിരുത്തിയത്. വേലന്താവളത്തിലെ പുതിയ ക്വാർട്ടേഴ്സ് ഒഴിച്ചാൽ ബാക്കി ഏതാണ്ട് പൂർണമായും അറ്റകുറ്റപ്പണികൾക്കാണ്. 50 ലക്ഷംരൂപ ചെലവഴിച്ചതിലൂടെ10000ചതുരശ്ര അടി വാസയോഗ്യമാക്കാൻ പറ്റും. കണ്ടെയ്നർ കാബിൻ സ്ഥാപിക്കുന്നതിലൂടെ സാറ്റലൈറ്റ് ചെക്ക്പോസ്റ്റുകളുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥ പൂർണമായും അവസാനിക്കും.

---

## ധനമന്ത്രിയുടെ പ്രതികരണം

*സാധാരണഗതിയിൽ സർക്കാരിൽ കാര്യങ്ങൾ നടക്കുന്നതിനെക്കാൾ വളരെ വേഗതയിൽ വാളയാറിലും അനുബന്ധ ചെക്ക്പോസ്റ്റുകളിലെ അറ്റകുറ്റപണികളും നിർമ്മാണ പ്രവർത്തികളും ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപണി, ബേയുടെ പുനർനിർമ്മാണം, യാർഡിന്റെ നിർമ്മാണം ഇവയൊക്കെ പൂർത്തീകരിക്കുന്നതിന് മഴ വലിയ പ്രതിബന്ധമായിരുന്നു. എങ്കിലും പട്ടിക 8.1 മുതൽ പട്ടിക 8.10 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാകുന്നു. ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.*

*വ്യത്യസ്തങ്ങളായ ഏജൻസികളാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇത് വാണിജ്യനികുതി കമ്മീഷണറേറ്റിൽ നിന്ന് നികുതി വകുപ്പ് സെക്രട്ടറിയേറ്റിലേക്ക് വരുകയും ധനവകുപ്പ് അംഗീകരിക്കുകയും വേണം. ഈ നീക്കങ്ങളുടെ ഓരോ ഘട്ടത്തിലും കാലതാമസം ഉണ്ടായിട്ടുണ്ട്. അടിയന്തിരമായ ഭരണപരിഷ്കാരം വേണ്ടുന്ന ഒരു രംഗമാണിത്. മെയിന്റനൻസ് വർക്കുകൾക്ക് ടാക്സസ് കമ്മീഷണർക്ക് ഭരണാനുമതി പരിധി 25,000 രൂപയാണ്. സോഡിയം പേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിനു പോലും കമ്മീഷണർ നികുതി വകുപ്പിലേക്ക് പ്രൊപ്പോസൽ അയക്കണം. പാലക്കാട്ടെ ഒരു ഒറ്റപ്പെട്ട ചെക്ക്പോസ്റ്റിൽ സോഡിയം പേപ്പർ ലാമ്പ് സ്ഥാപിക്കേണ്ടതിന്റെ പ്രസക്തിയെക്കുറിച്ചോ പ്രാധാന്യത്തെക്കുറിച്ചോ സെക്രട്ടറിയേറ്റിലെ ജീവനക്കാർക്ക് വേവലാതിയോ അറിവോ ഉണ്ടാകേണ്ടതില്ല. ഇത് തികഞ്ഞ അസംബന്ധമാണ്. സെക്രട്ടറിയേറ്റിലെ പരിശോധനയിലൂടെ ഇക്കാര്യത്തിൽ ഒന്നും സംഭവിക്കുന്നില്ല, കാലതാമസം വരുത്തുന്നു എന്നു മാത്രം. കമ്മീഷണറുടെ മെയിന്റനൻസിലുള്ള ധനാധികാര പരിധി ഗണ്യമായി ഉയർത്തേണ്ടതുണ്ട്. ഇതൊക്കെ സംബന്ധിച്ച ഫയലുകൾ സെക്രട്ടറിയേറ്റിലേക്ക് വരേണ്ട ആവശ്യമേയില്ല. ബഡ്ജറ്റ് ഹെഡിൽ പണം വകയിരുത്തിയിട്ടുണ്ടെങ്കിൽ കമ്മീഷണർക്ക് തന്നെ ഭരണാനുമതി നൽകുന്നതിന് കഴിയണം. അതുപോലെ തന്നെ പുതിയ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കമ്മീഷണർക്കുള്ള പരിധി ഇപ്പോഴുള്ള 10 ലക്ഷത്തിൽ നിന്ന് ഉയർത്തേണ്ടതാണ്. കൂടാതെ കമ്മീഷണർ തലത്തിൽ സെക്രട്ടറിയേറ്റിലേക്ക് അയക്കുന്ന ഫയലുകൾ സെക്രട്ടറിക്കു കീഴെ ഒരു ഉദ്യോഗസ്ഥനിൽ കൂടുതൽ കാണേണ്ട ആവശ്യമില്ല. ഈ പരിശോധനയ്ക്ക് എടുക്കാവുന്ന പരമാവധി സമയവും ക്ലിപ്തപ്പെടുത്തേണ്ടതാണ്. ധനവകുപ്പിന്റെ പരിശോധനയ്ക്ക് സമയപരിധി നിശ്ചയിക്കപ്പെടണം. ധനകാര്യ ഡെലഗേഷൻ വർദ്ധിപ്പിക്കുകയും വേണം. റോഡിന്റെ അറ്റകുറ്റ പണികൾക്ക് പ്രകൃതി ദുരിതാശ്വാസ നിധിയിൽ നിന്ന് ഭരണാനുമതി നൽകുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്.*

*അഴിമതിരഹിത വാളയാർ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഇതിനകം തുടങ്ങിവച്ചിട്ടുള്ള എല്ലാ നിർമ്മാണപ്രവർത്തികളും പൂർത്തീകരിക്കും. മഹാഭൂരിപക്ഷവും നവംബർ മാസത്തിൽ തന്നെ പൂർത്തിയാകും.*

**GOVERNMENT OF KERALA**

Abstract

Commercial Taxes Department – Measures to be taken for improvement of facilities at Check Posts and efficiency of Intillegence Squads in Palakkad District - Sanction accorded - Orders issued

TAXES ( C ) DEPARTMENT

G.O ( Ms ) No.175/2007/TD Dated, Thiruvananthapuram, 01/08/2007

Read: Minutes of the meeting held by the Honourable Minister for Finance on 28.7.2007 at Collectorate, Palakkad.

O R D E R

The Hon'ble Minister for Finance has declared in the Assembly an action plan to improve the efficiency of the Commercial Taxes Check Posts. To begin with, Check Posts functioning in Palakkad district, the gateway of Kerala are selected for implementing the first phase of the action plan. The aim of the Special drive is to enhance the overall efficiency in the check posts and to step up the tax collection. The procedural formalities in the check posts shall be streamlined so that no Goods carrier with full and vivid documents shall be laid up in the check posts for more than two hours. The documents shall be electronically recorded and transferred to the respective offices then and there. This will enable the concerned officers in various districts / circles to cross check with the returns filed by the traders. This will definitely enhance efficiency and step up tax collection. The smooth traffic, transparent transfer of records, periodic reviews and social audit shall certainly bring down corruption. On successful completion of the special drive, it is envisaged that certain standard can be fixed and the model can be replicated elsewhere.

2) In the meeting held by the Honourable Minister for Finance on 28.7.2007 at Palakkad with officials of Commercial Taxes Department and various other Departments, it was decided, interalia, to overhaul the entire system of operation of the Check Posts and Intelligence Squads in Palakkad district for the above purpose. The modalities are also worked out in detail. To make the operations a success as envisaged, improvement in infrastructure is essential. This requires the cooperation of many other departments like Public Works, Local Self Govt., Home, Excise, Transport, BSNL, KITCO, Nirmithi Kendra, etc. The suggestions in the meeting have been examined in detail and Government are pleased to approve the following measures to improve the infrastructure of the Check Posts to be undertaken by the agencies/departments concerned within the time frame mentioned therein.

**i) National Highway Walayar**

The Assistant Executive Engineer, PWD, Palakkad will submit an estimate for pothole filling of the NH stretch from Kerala border to the entrance of the OUT Check Post, Walayar. He will also submit a detailed estimate for full maintenance of the same stretch for consideration (7 days time).

**ii) Lighting in Walayar Check Post**

a) Malabar Cements will permit KSEB to draw power from their dedicated line to the Check Post by using overhead lines and an underground cable connection. The Commissioner of Commercial Taxes will pay the cost (tentatively Rs. 15 lakhs) to KSEB for the purpose.
b) KSEB will undertake immediate maintenance work for their transformers yard at Walayar and to change the service wire to 50mm2.
c) KITCO will immediately make estimates for upgrading the power wiring and taking additional load from KSEB and the Commissioner will sanction the same immediately.
d) Malabar Cements will put up lights along the National Highway upto Walayar OUT Check Post meeting all the initial capital cost.
e) The recurring monthly power bills will be paid by Pudussery Panchayat.

**iii) (a) Civil Works**

Nirmithi Kendra will complete the works in Velanthavalam quarters within 10 days and the work in Gopalapuram and Govindapuram quarters in 30 days.

(b) PWD (buildings) will return the Rs. 4 lakhs deposited with them for repair works of Meenakshipuram and Naduppunni CTCP quarters on 26.3.2006 immediately and the work will be done by Nirmithi Kendra; they will send the estimate for the same immediately. Nirmithi Kendra will put up a cabin near the entrance at IN Check Post, Walayar in five days time.

(c) The Weigh Bridge at Walayar will be got lifted by the rate contractor SILK immediately and the area will be leveled by KITCO for use as parking area.

(d) KITCO will complete the cleaning and leveling of unused area at Walayar IN Check Post in three days time and make the area suitable for holding the inaugural function. They will also make the area suitable for parking detained vehicles in 30 days time.

(e) Pudussery Panchayat will take up cleaning of drains in Walayar Check Post immediately and complete in 30 days time.

**iv) Law and order**

The District Superintendent of Police will make adequate arrangements for maintaining law and order in the Walayar area and for traffic control there, deploying only young recruits from the AR camp. He will also instruct them to abide by parking regulations in the Check Posts.

*v) Stamping of Cargo vehicles*

The Excise Check Post Walayar will ensure that documents of all cargo vehicles are stamped before they move on to the Commercial Tax Check Post at Walayar.
They will be provided additional space subject to availability adjacent to their existing shed by shifting the generator.

**vi) Weigh Bridge at Motor Vehicles Check Post, Walayar**

Immediate steps will be taken by Motor Vehicle Check Post at Walayar for operationalising their weigh bridge by purchasing the necessary equipment of the OUT Check Post, Walayar. They will also submit a detailed estimate for full maintenance of the same which will be accorded

special sanction. The Motor Vehicles Department will furnish proposals to Government in this regard.

**vii) (a) Shifting of Check Post**

Velanthavalam Check Post stands shifted to Kozhippara junction as there is more space for inspecting vehicles.

(b) The Vadakarapathy Panchayat will release the structure built under the MLA scheme for use of the Check Post and the Panchayat will be compensated by the State Government to the extent of the cost of the building separately.

**viii) Toll-free public phone**

BSNL will make available toll-free public phone at Walayar Check Post. They will also cooperate for speedy implementation of the WAN of the department.

**ix) Sign Boards**

(a) Commissioner of Commercial Taxes will design and set up along the roadside from Kerala State border till the OUT Check Post at Walayar, suitable sign boards for guidance of drivers.

(b) KITCO will set up immediately a huge billboard along the compound wall of the Check Post at Walayar for displaying suitable messages.

3) The Commissioner of Commercial Taxes will organize a study of the procedure at Check Post and devise suitable improvements on an immediate basis.

4) The Departments concerned will take immediate action to implement the above measures so as to improve the efficiency of the Check Posts in Palakad district and to make them hassle-free and people friendly.

By Order of the Governor
P. Mara Pandiyan
Secretary to Govt.

Forwarded by order
Sd/-
Section Officer

To

The Commissioner of Commercial Taxes, Thiruvananthapuram.
The District Collector, Palakkad
The Principal Accountant General (Audit), Thiruvananthapuram.
The Accountant General (A & E), Thiruvananthapuram.
This issues with the concurrence of Finance Dept. (Vide U.O. No. 63202/ExpB2/07/ Fin. dt. 1.8.07)
The Finance Department
The GAD (SC) Dept.
The Deputy Commissioner, Palakkad.
The Commissioner of Excise.
The Transport Commissioner.
The Director General of Police.
The Chief Engineer, PWD (Buildings)
The Public Works Department.
The Local Self Government Department.
The Home Department.
The Transport Department.
The General Manager, BSNL.
The Chairman, Nirmithi Kendra, Palakkad.
The KITCO
The Secretary, KSEB.
The Managing Director, Malabar Cements.
The President, Vadakarapathy Panchayat.
The P.S. to Minister (Finance) / The P.A. to Secretary (Taxes),
The PA to Principal Secretary (Taxes)
C.A. to Secretary (Taxes). SF/OC